സ്ഥിരം അദാലത് സമിതി - ഉപജില്ലാ സമിതി 1

ഓൺലൈൻ അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ

കാര്യാലയം, തസ്വഭവ ,കോട്ടയം

19.02.2024 10.30.AM

അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Amithamol P Asst.Executuve Engineet,Pallom Block Panchayath
3. Vishnuprasad U Asst. Town Planner LSGD Kottayam
4. Sureshkumar Asst.Executuve Engineet,Madappally Block Panchayath

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

1. വാഴപ്പള്ളി പഞ്ചായത്തിൽ റോസ്സിലി ചാക്കോ സമർപ്പിച്ച പരാതിയിൽ വിശദമായ റിപ്പോർട്ട് സഹിതം അടുത്ത അദാലത്തിൽ ഹാജരാകുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു.
2. പനച്ചിക്കാട് പഞ്ചായത്തിൽ ഒരു പരാതി അദാലത്ത് പരിഗണിച്ചു. ബിന്ദു എം എം സമർപ്പിച്ച പരാതിയിൽ ആവശ്യമായ **setback** സൈറ്റിൽ ലഭ്യമല്ലാത്തതിനാൽ സൈറ്റ് ഒന്നുകൂടി പരിശോധിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു.

3. ചങ്ങനാശ്ശേരി നഗരസഭ

   ഓമന - പരാതിക്കാരി ഹാജരാകാഞ്ഞതിനാൽ അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു.

   അനുരാഗ് അഗസ്റ്റിൻ - ന്യൂനതകൾ വ്യക്തമായി കാണിച്ച കക്ഷിക്ക് നോട്ടീസ് നൽകുന്നതിനും ആയതു പരിഹരിച്ച അപേക്ഷ പുനസമർപ്പിക്കുന്ന പക്ഷം നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്കും നിർദേശം നൽകി.

   അബ്ദുൽ സുബൈർ - അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു.

   രമേശൻ എൻ ഡി - അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**Manager Coptac Corporate Tailoring Centre -** ടൌൺ പ്ലാനിംഗ് ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിനു ശേഷം തുടർ നടപടി സ്വീകരിക്കാൻ സാധിക്കു എന്ന് സെക്രട്ടറി അദാലത്തിൽ അറിയിച്ചു.
തങ്കമ്മ കെ കെ - അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചു.
ജലാൽകുട്ടി - കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമായതിനാൽ കോടതി വിധി വന്നതിനുശേഷം പരിഗണിക്കുവാൻ സാധിക്കുകയുള്ളു എന്ന് സെക്രട്ടറി അറിയിച്ചു.

**4.** തൃക്കൊടിത്താനം പഞ്ചായത്ത് **-** ജാൻസി ജോസഫ് സമർപ്പിച്ച പരാതിയിൽ ലൈസെൻസിയുമായി വിഷയമുള്ളതിനാൽ ലൈസെൻസിയെ മാറ്റിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു നമ്പറിങ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും അപേക്ഷ സമർപ്പിക്കുന്ന പക്ഷം ചട്ടം പാലിച്ചു നമ്പറിങ് അനുവദിക്കാവുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചു.

**5.** വാകത്താനം പഞ്ചായത്ത്
സൂസി തോമസ് സമർപ്പിച്ച പരാതിയിൽ ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിനു കക്ഷി അപേക്ഷ നൽകിയിട്ടില്ല എന്നും സങ്കേതം മുഖേന അപേക്ഷ നൽകുന്നതിന് കക്ഷിക്ക് നിർദേശം നൽകിയിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചു.

അദാലത്ത് കൃത്യം 1.30 യ്ക്ക് അവസാനിച്ചു.